**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 409** — **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ ശമ്പളപരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | 2021 ജൂൺ മാസം മുതൽ പ്രാബല്യത്തിൽ കെ.എസ്.ആർ.ടി.സി. യിൽ ശമ്പളപരിഷ്കരണം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി 2021 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച പ്രകാരം ആയത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വന്നിട്ടില്ല. ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.റ്റി.സി.യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റുമായി വിശദമായി ചർച്ച ചെയ്ത് താമസമില്ലാതെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. അതിനായി മാനേജ്മെന്റ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നുണ്ട്. 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500/- രൂപ വീതം പ്രതിമാസം ഇടക്കാലാശ്വാസം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.റ്റി.സി.യിലെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി നൽകി വരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ പൂർണ്ണമായും സർക്കാർ ധനസഹായംകൊണ്ടാണ് ശമ്പളവും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ, ഉൽപാദനക്ഷമത കൂട്ടുന്ന രീതിയിൽ സർവ്വീസ് ക്രമീകരിച്ചു കൊണ്ട് ചെലവ് കുറച്ച് മറ്റ് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട്, സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശമ്പളപരിഷ്കരണ കരാറിനോടൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ച ഒരു ദീർഘ കാലകരാറും ഒപ്പിടേണ്ടതുണ്ട്. ആയത് ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടെ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം കെ.എസ്.ആർ.ടി.സി.യിൽ താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | 2016 ഫെബ്രുവരി 28-ന് കാലാവധി അവസാനിച്ച ശമ്പളപരിഷ്കരണ കരാർ പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വന്നിട്ടില്ല. ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.റ്റി.സി.യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റുമായി വിശദമായി ചർച്ച ചെയ്ത് താമസമില്ലാതെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. അതിനായി മാനേജ്മെന്റ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നുണ്ട്. 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500/- രൂപ വീതം പ്രതിമാസം ഇടക്കാലാശ്വാസം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.റ്റി.സി.യിലെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500/- രൂപ വീതം ഇടക്കാലാശ്വാസമായി നൽകി വരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ പൂർണ്ണമായും സർക്കാർ ധനസഹായംകൊണ്ടാണ് ശമ്പളവും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ, ഉൽപാദനക്ഷമത കൂട്ടുന്ന രീതിയിൽ സർവ്വീസ് ക്രമീകരിച്ചു കൊണ്ട് ചെലവ് കുറച്ച് മറ്റ് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട്, സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശമ്പളപരിഷ്കരണ കരാറിനോടൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ച ഒരു ദീർഘ കാലകരാറും ഒപ്പിടേണ്ടതുണ്ട്. ആയത് ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടെ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം കെ.എസ്.ആർ.ടി.സി.യിൽ താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (സി) | സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ കെ.എസ്.ആർ.ടി.സി. യിൽ വരുത്തിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യെ ലാഭകരമായി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ശ്രീ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല |

തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന 3100 കോടി രൂപയുടെ വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി കഴിഞ്ഞു. ഇതിന്റെ ഫലമായി വായ്പ തിരിച്ചട വിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ നിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പ്രതിമാസ പെൻഷന് ആവശ്യമായ ശരാശരി 65 കോടി രൂപ കണ്ടെത്താൻ കഴിയാത്തതിനാൽ, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് നിലവിൽ പെൻഷൻ നൽകി വരുന്നു. ഇത്തരത്തിൽ നൽകുന്ന പെൻഷൻ തുക സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പലിശയുൾപ്പെടെ ആറ് മാസത്തിനകം സഹകരണ സംഘങ്ങൾക്ക് മടക്കി നൽകി വരുന്നു. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സ്-സ്റ്റാഫ് റേഷ്യോ കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചു വഴി, കോവിഡിന് മുൻപ് കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. ഇത്തരത്തിൽ അധിക വരുമാനം നേടാൻ കഴിഞ്ഞതിനാലും, വായ്പ തിരിച്ചടവിന ത്തിലെ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതിനാലും ജീവനക്കാർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ ഇൻമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ ഒരു നിശ്ചിത ഭാഗം വിതരണം ചെയ്യാൻ കഴിഞ്ഞു. കൂടാതെ കുടിശ്ശികയുള്ള ക്ഷാമബത്തയിൽ 8% ക്ഷാമബത്ത ജീവനക്കാർക്ക് 2018 ഡിസംബർ മാസം മുതൽ വിതരണം ചെയ്തിട്ടുണ്ട്. പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള പദ്ധതികളുടെ ഗുണഫലം ലഭ്യമായി വരുന്ന വേളയിലാണ്, രാജ്യത്ത് 2020 മാർച്ച് മാസത്തോടുകൂടി കോവിഡ് വ്യാപനം ആരംഭിക്കുകയും, തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുത്തനെ ഇടിയുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായത്. പ്രൊഫ.സുശീൽ ഖന്ന നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ താഴെ പറയുന്ന പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| | | | (i) കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം നടപ്പാക്കുന്നതിനായി പ്രഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. (ii) കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. (iii) ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. (iv) കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെയും, സുതാര്യമായ അക്കൗണ്ടിംഗിന്റെയും, മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും, കോർപ്പറേഷന്റെ സേവനങ്ങൾ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവിണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും IT, Accounts, HR, Commercial എന്നീ വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. (v) കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലേയ്ക്ക് ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. (vi) കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ നടപടികൾ കോർപ്പറേഷനിൽ ഒരു സമഗ്രമായ മാറ്റത്തിന് വഴിയൊരുക്കുകയും ആയതിന്റെ ഫലപ്രാപ്തിയെന്നോണം വരുമാനം വർദ്ധിക്കുകയും ചെയ്തതിലൂടെ കെ.എസ്.ആർ.ടി.സി. സാമ്പത്തിക അച്ചടക്കം കൈവരിച്ചുവന്നിരുന്ന കാലഘട്ടത്തിലാണ് ലോകമാകെ കീഴടക്കിയ കോവിഡ്-19 മഹാമാരി പൊതുഗതാഗതത്തെ ആകെ തകിടംമറിയ്ക്കുകയും കെ.എസ്.ആർ.ടി.സി.യെ വൻപ്രതിസന്ധിയിലാക്കുകയും ചെയ്തിട്ടുള്ളത്. ആയതുകൊണ്ടുതന്നെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എത്രത്തോളമാണെന്ന് വിലയിരുത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയാത്ത അവസ്ഥയിലാണ്. |
| (ഡി) | സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കിയിട്ടും കെ.എസ്.ആർ.ടി.സി. യെ ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കിയിട്ടും കെ.എസ്.ആർ.ടി.സി.യെ ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തുന്നില്ല എന്നാൽ കോവിഡ്-19-ന്റെ വ്യാപനം കെ.എസ്.ആർ.ടി.സി.യെ ആകെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. പ്രതിദിനം ശരാശരി 6.30 കോടി രൂപയും പ്രതിമാസം ശരാശരി 190 കോടി രൂപ മുതൽ 200 കോടി രൂപ വരെ വരുമാനം |

| | | | |
|---|---|---|---|
| | | | ലഭ്യമായിരുന്ന കെ.എസ്.ആർ.ടി.സി.യ്ക്ക് കോവിഡ്-19 വ്യാപനം ആരംഭിച്ചതോടുകൂടി വരുമാനം കുത്തനെ ഇടിയുന്ന സ്ഥിതി വിശേഷമാണുണ്ടായത്. ഈ പ്രതികൂല സാഹചര്യത്തിലും 2020 മാർച്ച് മാസം മുതൽ 2021 ജൂലൈ മാസം വരെയുള്ള കാലയളവിലെ പെൻഷനും ആഗസ്റ്റ് മാസം വരെയുള്ള ജീവനക്കാരുടെ ശമ്പളവും, സർക്കാർ ധനസഹായം ലഭ്യമാക്കി കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ സഹായത്തോടുകൂടി പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം ചെയ്യുന്നതിനാൽ കോവിഡ് കാലത്തും തടസ്സമില്ലാതെ പെൻഷൻ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ സഹകരണ ബാങ്ക് മുഖേന നൽകുന്ന പെൻഷൻ തുകയുടെ പൂർണ്ണമായ തിരിച്ചടവ് സർക്കാർ ധനസഹായം മുഖേനയാണ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ